# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 802 — 05.02.2020-ന് മറുപടിയ്ക്ക്

## പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.കെ.സി.മമ്മത് കോയ :**<br>**ശ്രീ. ഐ.ബി. സതീഷ് :**<br>**ശ്രീ. കെ.വി.അബ്ദുൾ ഖാദർ :**<br>**ശ്രീ. സജി ചെറിയാൻ :** | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (എ) പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ അനുബന്ധം 1 -ആയി ചേർക്കുന്നു. |
| (ബി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിവരവും ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ഇതുവരെ കോർപ്പറേഷൻ വഴി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയ വായ്പയുടെ കണക്കും ലഭ്യമാക്കാമോ ; | (ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 -ആയി ചേർക്കുന്നു.<br>ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നാളിതുവരെ 164019 ഗുണഭോക്താക്കൾക്കായി 1600.83 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളെ കുറിച്ച് അറിയിക്കാമോ ? | (സി) പിന്നാക്ക വിഭാഗങ്ങളുടെ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**എ). കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രീ ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ**<br>സ്വകാര്യ മേഖലയിൽ പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വാഹന രംഗം, ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക് രംഗം, പോളിമർ ഇൻഡസ്ട്രീ എന്നീ മേഖലകളിൽ |

പരിശീലനവും തൊഴിലും ഉറപ്പുനൽകുന്ന പദ്ധതിയാണിത്. പരിശീലന കാലയളവ് പരമാവധി 10 മാസം. പരിശീലന കാലയളവിൽ ട്യൂഷൻ ഫീസ് / സ്റ്റൈപ്പന്റ് ഇനങ്ങളിലായി പ്രതിമാസം പരമാവധി 8,000/- രൂപ വരെ അനുവദിക്കുന്നു.

**ബി. <u>എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം.</u>**

വിദ്യാസമ്പന്നരായ പിന്നാക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകുകയും അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/NET/JRF,GATE/MAT തുടങ്ങിയ വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ചുവടെ ചേർക്കുന്ന നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. അനുവദിക്കുന്ന ആനുകൂല്യ നിരക്കുകൾ ചുവടെ ചേർക്കുന്നു.

മെഡിക്കൽ / എഞ്ചിനീയറിംഗ്
എൻട്രൻസ് - 30,000/-
ബാങ്കിംഗ് - 20,000/-
സിവിൽ സർവ്വീസ് - 50,000/-
UGC/NET/JRF,GATE/MAT – 25,000/-

പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്റ്റാർട്ട്അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാധിഷ്ഠിത ഗ്രാന്റ് ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പിന്നാക്ക വിഭാഗ കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ഗ്രാന്റ് എന്ന ഘടകം ഈ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1
## വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

**1. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്**

50% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിൽ പഠിക്കുന്ന, കുടുംബവാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കാത്ത വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

**2. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്**

100% കേന്ദ്ര സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന ഒ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ ഇ – ഗ്രാന്റ്സ് സംവിധാനം വഴിയും, മറ്റ് തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് നേരിട്ടും ആണ് ആനുകൂല്യം അനുവദിക്കുന്നത്. കുടുംബ വാർഷിക വരുമാന പരിധി 1.5 ലക്ഷം രൂപയാണ്.

**3. ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ**

പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാനുകൂല്യങ്ങള് അനുവദിക്കുന്നതിന് മറ്റു പിന്നാക്ക സമുദായങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന 7 ജാതികളെ മറ്റർഹ വിഭാഗമായി കണക്കാക്കി വരുമാനപരിധി ഇല്ലാതെയും ഒ.ഇ.സി.യ്ക്ക് തത്തുല്യമായ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് വേണ്ടി തെരഞ്ഞെടുത്ത 30 സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വരുമാനപരിധിയിലും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നു.

**4. ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ**

പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാനുകൂല്യങ്ങള് അനുവദിക്കുന്നതിന് മറ്റു പിന്നാക്ക സമുദായങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന 7 ജാതികളെ മറ്റർഹ വിഭാഗമായി കണക്കാക്കി വരുമാനപരിധി ഇല്ലാതെയും ഒ.ഇ.സി.യ്ക്ക് തത്തുല്യമായ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് വേണ്ടി തെരഞ്ഞെടുത്ത 30 സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വരുമാനപരിധിയിലും വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചു വരുന്നു. സർക്കാർ, എയ്ഡഡ്, സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ കോഴ്സുകളിൽ മുഴുവൻ ഫീസും പ്രതിമാസ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിന് ഹോസ്റ്റൽ ഫീസ് എന്നിവയും പോസ്റ്റ്മെട്രിക് തലത്തിൽഅനുവദിക്കുന്നു.

**5. ഒ.ബി.സി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ**

ഹോസ്റ്റല് സൗകര്യങ്ങളുടെ അപര്യാപ്തത കാരണം പഠനം തുടരുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന പിന്നാക്ക സമുദായ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. സർവ്വകലാശാലകൾക്കും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുൻഗണന നൽകുന്നു. ഹോസ്റ്റലിന്റെ നടത്തിപ്പും നിയന്ത്രണവും അതാത് സ്ഥാപനങ്ങൾക്കാണ്.

**6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം**

വിദ്യാസമ്പന്നരായ പിന്നാക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകുകയും അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ/ എഞ്ചിനീയറിങ് എൻട്രൻസ്, ബാങ്കിങ് സർവ്വീസ്, സിവിൽ സർവ്വീസ്, UGC/NET/GATE/MAT ഉടങ്ങിയ വിവിധ മത്സര പരീക്ഷാപരിശീലനങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ്. പ്രൊഫഷണൽ ബിരുദധാരികൾക്ക് Startup-കൾ ആരംഭിക്കുന്നതിനുള്ള വായ്പാധിഷ്ഠിത ഗ്രാന്റ് എന്നിവ ഈ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.സിക്കിൾ സെൽ അനീമിയ ബാധിച്ചവർക്കുള്ള സ്വയംതൊഴിൽ ഗ്രാന്റ് പദ്ധതി മുൻ വർഷം നടപ്പാക്കിയിരുന്നു. നടപ്പു വർഷം മുതൽ പ്രളയബാധിത

പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിൽ സമൂഹങ്ങളുടെ ജീവനോപാധി പുനസ്ഥാപന ധനസഹായം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പിന്നാക്ക വിഭാഗ കുടുംബങ്ങൾക്ക് സ്വയംതൊഴിൽ ഗ്രാന്റ് എന്നീ ഘടകങ്ങളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു.

**7. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം**

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട പരമ്പരാഗത മൺപാത്ര തൊഴിലാളികളുടെ തൊഴില് നവീകരിക്കുന്നതിന് ആധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി പരമാവധി 50,000/- രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.

**8. ഓവർസീസ് സ്കോളർഷിപ്പ്**

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ / എഞ്ചിനീയറിങ് / പ്യൂവർ സയൻസ് / അഗ്രികൾച്ചർ / മാനേജ്മെന്റ് / സോഷ്യൽ സയൻസ്, നിയമം (PG, PhD) കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ്. പരമാവധി 10 ലക്ഷം രൂപ വരെയാണ് സ്കോളർഷിപ്പ് നിരക്ക്.

**9. കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ**

സ്വകാര്യ മേഖലയിൽ പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വാഹന രംഗം, ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക് രംഗം, പോളിമർ ഇൻഡസ്ട്രി എന്നീ മേഖലകളിൽ പരിശീലനവും, തൊഴിലും ഉറപ്പ് നൽകുന്ന പദ്ധതിയാണിത്. പരിശീലന കാലയളവിലൽ ട്യൂഷൻ ഫീസ്/സ്റ്റൈപ്പന്റ് ഇനങ്ങളിലായി പ്രതിമാസം പരമാവധി 8000 രൂപ വരെ അനുവദിക്കുന്നു.

**10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം**

ഗ്രാമീണ മേഖലകളിലെ പരമ്പരാഗത ബാർബര് തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25,000/- രൂപ വരെ രണ്ട് ഗഡുക്കളായി ഗ്രാൻറ് അനുവദിക്കുന്നു.

**11. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം**

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യ വികസിപ്പിക്കുന്നതിനും ടൂൾകിറ്റ് നൽകുന്നതിനും ആവിഷ്കരിച്ചിരിച്ചിട്ടുള്ള പദ്ധതിയാണ്. പരമാവധി 25000/- രൂപ ഗ്രാന്റ് ആയി അനുവദിക്കുന്നു.

**12. അഡ്വക്കേറ്റ് ഗ്രാന്റ്**

ജുഡീഷ്യറിയിൽ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നതിന് പരമാവധി 3 വർഷത്തേയ്ക്ക് ഗ്രാന്റ് നൽകുന്ന പദ്ധതിയാണിത്. അർഹരായ ഗുണഭോക്താവിന് 12000/- രൂപ അനുവദിക്കുന്നു.

**13. വിശ്വകർമ്മജർക്കുള്ള പെൻഷൻ**

മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്ത 60 വയസ്സു കഴിഞ്ഞ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പരമ്പരാഗത വിശ്വകർമ്മജർക്ക് പ്രതിമാസം 1100/- രൂപ പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്.

**14. കുംഭാര കോളനി വികസനം (പ്ലാൻ)**

പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ കുംഭാര സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് പരമാവധി 1 കോടി രൂപ അനുവദിക്കുന്ന പദ്ധതിയാണിത്. കുംഭാര കോളനി/സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി തൊഴിൽശേഷിയും തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കുന്നതിനും സ്ഥായിയായ സാമൂഹ്യ വികസനം നേരിടുന്നതിനുമാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

**NBCFDC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 15 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 15 ലക്ഷം രൂപ (പ്രതിവർഷം 3 ലക്ഷം രൂപ) വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾ - 4%<br>പെൺകുട്ടികൾ - 3.5% |
| 4. ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 2 കോടി രൂപ<br>NGO -കൾക്ക് പരമാവധി 2 കോടി രൂപ | NGO / CDS – 3.50%,<br>SHG ക്ക് - 5% |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) (3,00,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 2 കോടി രൂപ | CDS – 2.50%,<br>SHG ക്ക് - 4% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ - 7%<br>10 ലക്ഷത്തിന് മുകളിൽ - 8% |
| | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |

## KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6% |
| 2. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 9% |
| 3. പ്രവർത്തന മൂലധന വായ്പാ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8% |
| 4. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9% |
| 5. വിദ്യാശ്രീ വായ്പ പദ്ധതി (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6% |
| 6. വാഹന വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 6 ലക്ഷം രൂപ | 9% |
| 7. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥ ഗൃഹ) (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 10% |
| 8. വ്യക്തിഗത വായ്പ (8 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 11% |
| 9. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 1 (1,20,000/- ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| 10. എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) - 2 (3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8% |

സെക്രട്ടറി